കേരള സർക്കാർ
ആസൂത്രണ സാമ്പത്തികകാര്യ (സി) വകുപ്പ്

നമ്പർ: 7257/സി/90/പ്ലാനിംഗ്

തിരുവനന്തപുരം,
2.5.1990.

## സർക്കുലർ

വിഷയം:- ഗിരിവർഗ്ഗ ഉപപദ്ധതിയുടെ നടത്തിപ്പിനുള്ള ജില്ലാ തല വർക്കിംഗ് ഗ്രൂപ്പ് - ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ അംഗങ്ങളാക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. 16.4.83 ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്. 27/83/ ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്.
2. 16.6.83 ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്. 117/83/ ഹരിജൻ വെൽഫെയർ.
3. പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ എ3-3017/90 നമ്പറിലുള്ള 17.3.90 ലെ കത്തും, എ3-14579/88 നമ്പറിൽ, 30.3.89 ലും ഉള്ള കത്ത്.
4. മുഖ്യവനപാലകന്റെ പി2- 80280/89 നമ്പരിൽ 13.7.89 ലെ കത്ത്.

....

പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ നടത്തിപ്പിലേയ്ക്കായി ജില്ലാതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടും അവയുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ടും സൂചന ഒന്നും രണ്ടും പ്രകാരം ഗവർമെൻറ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. സൂചന രണ്ടിലെ ഉത്തരവുപ്രകാരം ട്രൈബൽ സബ് പ്ലാനിൽപ്പെട്ട ഏതെങ്കിലും സ്കീമുകൾ ജില്ലതല വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യുവാൻ വേണ്ടി ജില്ലാ കലക്ടർക്ക് റഫർ ചെയ്യുകയാണെങ്കിൽ പ്രസ്തുത സ്കീം ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് നടപ്പാക്കേണ്ടതാണ്. നിലവിലുള്ള നടപടിക്രമങ്ങൾ അനുസരിച്ച് ട്രൈബൽ സബ്പ്ലാനിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലയിലെ വർക്കിംഗ് ഗ്രൂപ്പിൽ സ്കീം നടപ്പാക്കുന്ന വകുപ്പിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും ട്രൈബൽ ഡവലപ്മെൻറ് ഓഫീസറും അംഗങ്ങളായിരിക്കും. അപ്രകാരം ട്രൈബൽ സബ്സ് പ്ലാനിൽ ഏതെങ്കിലും പദ്ധതി വനം വകുപ്പിന് നടപ്പാക്കാനുണ്ടെങ്കിൽ മാത്രമേ ആ ജില്ലയിലെ വർക്കിംഗ് ഗ്രൂപ്പിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉണ്ടായിരിക്കേണ്ടതുള്ളൂ. വനം വകുപ്പിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചചെയ്തു നടപ്പാക്കാൻ പദ്ധതികളൊന്നും ഇല്ലെങ്കിൽ ആ ജില്ലയിലെ വർക്കിംഗ് ഗ്രൂപ്പിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്ഥിരം അംഗമായിരിക്കേണ്ട ആവശ്യമില്ല.

3. എന്നാൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സ്ഥിരം പ്രാതിനിധ്യം ഇല്ലാത്തതുകാരണം പട്ടികവർഗ്ഗ വികസനത്തിനുള്ള പല പദ്ധതികളും നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാവുന്നതായി പട്ടികവർഗ്ഗ വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പട്ടിക വർഗ്ഗക്കാരുടെ അധിവാസ കേന്ദ്രങ്ങൾ വനത്തിലോ, വനാതിർത്തിയിലോ ആയിരിക്കുമെന്നുള്ളതുകൊ

....2

കൊണ്ടു് പട്ടികവർഗ്ഗ വികസനത്തിനായി വർക്കിംഗ് ഗ്രൂപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന മിക്ക പദ്ധതികളും വനവുമായി ബന്ധപ്പെട്ടിരിക്കാൻ സാദ്ധ്യതയുണ്ടു്. ഈ പശ്ചാത്തലത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചയ്ക്കു വരുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ചു് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റു് ഓഫീസറുടെ അഭിപ്രായം കൂടി അറിയിക്കേണ്ടതു് ആവശ്യമായി വരുന്നു.

4. ഈ സാഹചര്യത്തിൽ, ട്രൈബൽ സബ് പ്ലാനിൽപ്പെട്ട ഏതെങ്കിലും പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചക്കു് വരുംപോൾ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റു് ഓഫീസർ തന്നെ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നു് ഗവർമെന്റു് നിർദ്ദേശിക്കുന്നു.

ഒപ്പ്
കെ.കെ.രമണി
അഡീഷണൽ സെക്രട്ടറി.

×× ×× ×× ××
മുഖ്യവനപാലകനു്.
×× ×× ×× ××

പി2- 16930/90

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്,
തിരുവനന്തപുരം, തീയതി: 19.5.90.

പകർപ്പ് എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അയക്കുന്നു.

ഒപ്പ്
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി) ക്കു വേണ്ടി.

അംഗീകാരത്തോടെ

സൂപ്രണ്ടു്.

എസ്.കെ. 21.5